Vol. 12 No. 1 Easter 2022

# സാന്തോം

## ഫെലോഷിപ്പ്




പ്രേഷിത സഹകാരികൾക്കുള്ള പ്രസിദ്ധീകരണം

# CONTENTS

VOL. 12, NO. 1, APRIL 2022

Patron:
**Very Rev. Fr Antony Perumanoor**

Managing Editor:
**Rev. Fr Peter Kavumpuram**

Chief Editor:
**Fr. Monse Kuruvakunnel**

Editorial board:
**Fr Justine Vettakallel**
**Fr James Kurikilamkatt**
**Sr Ancil Maria FCC**
**Dr. Issac Olickal**

Design & Layout:
**Jibin Mathew**

Direct all correspondence to:
Editor
Santhome Fellowship
Deepti bhavan
Melampara-686578
Kottayam, Kerala, India

Tel. +91 4822-236353
Mob. +91 9544183779

E-mail:
mstassociates@gmail.com
Web: www.mstworld.org/santhome-fellowship

Santhome Fellowship is a missionary periodical of the missionary society of st thomas apostle(mst) for all its friends and collaborators
(Private circulation only)

04 **ജനറാളച്ചന്റെ സന്ദേശം**
ഫാ. ആന്റണി പെരുമാനൂർ

06 **പിതാവ് മക്കളോട്**
മാർ ജോസ് പുത്തൻവീട്ടിൽ

08 **പ്രത്യാശയുടെ ഇടങ്ങളിലേക്ക്**
ഫാ. ജെസ്റ്റിൻ കൈതോട്ടുങ്കൽ

14 **എന്റെ മിഷൻ യാത്ര**
ജിമ്മി കല്ലറയ്ക്കൽ

20 **പ്രേഷിത വഴിയിൽ**
സി. തെരേസില MC, അർമേനിയ

25 **വഴിത്താര തീർക്കുന്നവർ**
ഫാ. രാജു പുതുശ്ശേരിൽ

30 **എം.എസ്.റ്റി. മിഷൻ ആൽബം**



# എഡിറ്റോറിയൽ

യേശുവിൽ പ്രിയ സാന്തോം ഫെലോഷിപ്പ് അംഗങ്ങളേ, സാന്തോം ഫെലോഷിപ്പിന്റെ എല്ലാ വായനക്കാർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ ഉത്ഥാനം നമ്മോടുള്ള പിതാവായ ദൈവത്തിന്റെ അനന്തമായ സ്നേഹമാണ് വെളിപ്പെടുത്തുന്നത്. ഉയിർപ്പ് പ്രതീക്ഷയുടെയും, സന്തോഷത്തിന്റെയും സമാധാനത്തിന്റെയും തിരുനാളാണ്. കർത്താവിന്റെ ഉത്ഥാനം ഒറ്റപ്പെട്ട ഒരു സംഭവമല്ല. അത് മിശിഹായുടെ പീഡാനുഭവത്തോടും, മരണത്തോടും ചേർത്തുവായിക്കേണ്ട ഒന്നാണ്. ഗലീലിയിൽ നിന്നും ജറുസലേമിലേയ്ക്ക് കുരിശുമരണം വരിക്കുവാനുള്ള യേശുവിന്റെ യാത്ര കാരുണ്യപ്രവർത്തികൾകൊണ്ട് സമ്പുഷ്ടമാണെന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. രോഗികളെ സുഖപ്പെടുത്തിയും, മരിച്ചവരെ ഉയിർപ്പിച്ചും, ദൈവികജീവന് സാക്ഷ്യം നൽകിയും ദൈവത്തിന്റെ അനന്തസ്നേഹം മനുഷ്യമക്കളിലേയ്ക്ക് ചൊരിഞ്ഞുകൊണ്ടാണ് ഉയിർപ്പിലേക്കുള്ള യാത്ര ഈശോ നടത്തിയത്. മിശിഹായുടെ ഉത്ഥാനാനുഭവത്തിലേക്ക് കടന്നു വരുവാൻ യേശു കാണിച്ചുതന്ന കരുണയുടെ മാർഗ്ഗം സ്വീകരിച്ചേ മതിയാവൂ. ഉയിർത്തെഴുന്നേറ്റ കർത്താവ് ഏവർക്കും ആശംസിക്കുന്നത് സമാധാനമാണ് (ലൂക്കാ 24:35). സംശയാലുവായ തോമയോട് തന്നെ തൊട്ടുവിശ്വസിക്കാനും, ആ വിശ്വാസാനുഭവം, തോമാശ്ലീഹായെ 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന വിശ്വാസപ്രഘോഷണത്തിലേയ്ക്കും നയിക്കുന്നു. കർത്താവിന്റെ കൂടെ നടക്കുന്നവർക്കാണ് ദൈവിക രഹസ്യങ്ങൾ വെളിപ്പെടുന്നത് (ലൂക്കാ 24:25). ഉത്ഥാനാനുഭവം നമ്മളെ ആഴത്തിലുള്ള ദൈവാനുഭവത്തിലേയ്ക്ക് നയിക്കുകയും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ അനുദിനജീവിതത്തിൽ ക്രിസ്തുവിന്റെ ധീര പ്രേഷിതരായി മാറുവാൻ സഹായിക്കുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തിലൂടെ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാൻ നമുക്ക് പരിശ്രമിക്കാം. മാർ തോമാശ്ലീഹാ തെളിച്ചുതന്ന വിശ്വാസവെളിച്ചം നമുക്ക് മാർഗ്ഗദീപമായിരിക്കട്ടെ ഉത്ഥിതനായ മിശിഹാ ആശംസിച്ച സമാധാനം നിങ്ങളോടും നിങ്ങളുടെ കുടുംബാംഗങ്ങളോടുമൊപ്പം എന്നും ഉണ്ടായിരിക്കട്ടെ.



**സ്നേഹത്തോടെ**
**മോൻസച്ചൻ**



# ജനറാളച്ചന്റെ സന്ദേശം

മിശിഹായിൽ സ്നേഹമുള്ളവരെ,

ഈശോയുടെ ഉത്ഥാനം ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനമാണ്. സഭയിലെ ഏറ്റവും പ്രധാനമായ തിരുനാളാണ് ഉയിർപ്പു തിരുനാൾ. തിരുനാളുകളുടെ തിരുനാൾ എന്നും ഇതിനെ വിശേഷിപ്പിക്കാറുണ്ട്. ഈസ്റ്റർ പ്രത്യാശയുടെ ഉത്സവമാണ്. ആർഷഭാരത സംസ്കാരത്തിലെ ഏറ്റവും വലിയ പ്രാർത്ഥനകളിലൊന്ന് "അസതോമ സത്ഗമയഃ, തമസോമ ജ്യോതിർഗമയഃ മൃത്യോർമ അമൃതം ഗമയഃ എന്നതാണ്. അസത്യത്തിൽ നിന്ന് സത്യത്തിലേക്കും, അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കും, മരണത്തിൽ നിന്നും ജീവനിലേയ്ക്കും ഞങ്ങളെ നയിക്കണമേ എന്നുള്ള മനുഷ്യകുലത്തിന്റെ നിലവിളിക്കുള്ള ഉത്തരമാണ് ഉത്ഥാനതിരുനാൾ.

ഈസ്റ്റർ പ്രത്യാശയുടെ, പ്രതീക്ഷയുടെ ഉത്സവമാണെങ്കിൽ ഇന്ന് മനുഷ്യകുലം ഏറ്റവും അധികം തേടുന്നതും കാത്തിരിക്കു

ന്നതും ഈ പ്രതീക്ഷയും പ്രത്യാശയുമാണ്. എല്ലാവരും ഉത്ഥിതനായ ഈശോ ആശംസിച്ച സമാധാനം ആഗ്രഹിക്കുന്നവരാണ്. സമാധാനമില്ലാത്ത അവസ്ഥ പ്രത്യാശ ഇല്ലാത്ത അവസ്ഥയാണ്. ഉത്ഥിതനെ അനുഭവിച്ചറിയാത്ത അവസ്ഥയാണ് സമാധാനം ഇല്ലാത്തവരുടെ അവസ്ഥ. പ്രശ്നങ്ങളില്ലാത്തവരല്ല ജീവിതത്തിൽ വിജയിച്ചവർ. മറിച്ച്, പ്രശ്നങ്ങളെ അതിജീവിച്ചവരാണ് ജീവിതത്തിൽ വിജയിച്ചവർ.

ഉത്ഥിതന്റെ പ്രകാശത്തിൽ ജീവിക്കുക, ചിന്തിക്കുക, പ്രവർത്തിക്കുക...

ഈസ്റ്റർ നമുക്കു നൽകുന്ന വലിയ സമ്മാനം, 'ഉത്ഥിതന്റെ സമാധാനം' തന്നെയാണ്. ആഴ്ചയുടെ ആദ്യ ദിവസം ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ, യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോടു പറഞ്ഞു; നിങ്ങൾക്കു സമാധാനം! ഇപ്രകാരം പറഞ്ഞുകൊണ്ട് അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു. യേശു വീണ്ടും അവരോട് പറഞ്ഞു, "നിങ്ങൾക്കു സമാധാനം" (യോഹ. 20: 19-20)

ഉത്ഥിതനായ ഈശോ ആശംസിച്ച സമാധാനം നമ്മുടെ ഓരോ ഭവനത്തിലും നാം വസിക്കുന്ന സ്ഥലത്തും, ലോകം മുഴുവനിലും ഉണ്ടാകുന്നതിനായി ഉത്ഥാനം ചെയ്ത ഈശോയോട് നമുക്ക് പ്രാർത്ഥിക്കാം. ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നിങ്ങൾ ഏവർക്കും പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

**ഫാ. ആന്റണി പെരുമാനൂർ**
**ഡയറക്ടർ ജനറൽ, എം.എസ്.റ്റി**



# പിതാവ് മക്കളോട്

ജീവിത്തിൽ നമ്മളെല്ലാവരും ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ വേദനയിലൂടെ കടന്നു പോകുന്നവരാണ്. കോവിഡ് മാനവരാശിക്കേൽപ്പിച്ച മുറിവും, ഇന്നും കത്തിജ്വലിച്ചു നിൽക്കുന്ന യുദ്ധകാഹളത്തിന്റെ ഭീതിയും ഈ കാലഘട്ടത്തിൽ നമ്മളെ അസ്വസ്ഥരാക്കുന്നു എന്നു മാത്രമല്ല, അതു നിരാശയുടെ പടുകുഴിയിലേക്കു നമ്മേ നിഷ്ക്കരുണം വലിച്ചിഴയ്ക്കുകയും ചെയ്യുന്നു. പലരുടെയും പ്രതീക്ഷ കത്തിനശിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ പ്രതീക്ഷയുടെ വസന്തമായ ഉയിർപ്പുത്തിരുനാൾ ചിറകുവിടർത്തി വീണ്ടുമെത്തിയിരിക്കുന്നു. ഈ ഉയിർപ്പ് നമുക്കെല്ലാവർക്കും പ്രതീക്ഷയുടെ കുളിർമയും ശാന്തിയുടെ കുളിരുമേകട്ടെ. നമ്മുടെ ജീവിതത്തിൽ എത്രയെത്ര ഉയിർപ്പുകൾ ഓർമകളായി തീർന്നിരിക്കുന്നു. ഈ ഉയിർപ്പ് നമ്മെയെല്ലാവരെയും പ്രത്യാശയുടെ, സമാധാനത്തിന്റെ തീരത്തേയ്ക്കണയ്ക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഉത്ഥിതനായ ഈശോ നമ്മോടു പറയുവാൻ ആഗ്രഹിക്കുന്നത് എന്തായിരിക്കും? വേദനയുടെ, പ്രതിസന്ധികളുടെ നടുവിലൂടെ യാത്ര ചെയ്യുന്ന നമ്മോടു ഈശോ പറയുന്നതു രണ്ട് കാര്യമായിരിക്കും. ഒന്ന്, നമ്മൾ ഉയിർത്തെഴുന്നേൽക്കണം. നിരാശയുടെ, ഭയത്തിന്റെ, മരണത്തിന്റെ കല്ലറയിൽ അടിഞ്ഞുകൂടേണ്ടവനല്ല ക്രിസ്ത്യാനി. ഫ്രാൻസീസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നു: ക്രിസ്ത്യാനിക്കു മൃതസംസ്ക്കാരം കഴിഞ്ഞുവരുന്നവന്റെ മ്ലാനമുഖമല്ല, മറിച്ച് ഉത്ഥിതനെ കണ്ടുമുട്ടിയവന്റെ മുഖപ്രഭയുണ്ടായിരിക്കണം. ജീവിതം എത്ര കലുഷിതമായ വിഥീയിലൂടെ കടന്നുപോയാലും നമുക്കെല്ലാവർക്കും ഉയിർത്തെഴുന്നേൽക്കുവാൻ കഴിയും. നമുക്കു ഉയിർപ്പേകുവാൻ കഴിവുള്ളവന്റെ കരം ലോകാവസാനം വരെ എപ്പോഴും എല്ലായിടത്തും നമ്മുടെ കൈയെത്തും ദൂരത്തുണ്ട്. അടുത്തുള്ളവനെ തിരിച്ചറിയാൻ,

അവനെ വിളിച്ചപേക്ഷിക്കാൻ സത്യം കൊണ്ട് അരമുറുക്കണം, നീതിയുടെ കവചം ധരിക്കണം, സമാധാനത്തിന്റെ പാദരക്ഷയണിയണം, വിശ്വാസത്തിന്റെ പരിച എടുക്കണം, രക്ഷയുടെ പടത്തൊപ്പിയണിയണം, ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കണം. (എഫേ. 6:14-17). എക്കാലത്തും സത്യം, നന്മ, നീതി എന്നിവ വിജയിക്കും. ആ ഉറപ്പുള്ളതു കൊണ്ടാണ് ഈശോ പറഞ്ഞത്: ഞാൻ ഏൽപ്പിക്കപ്പെടുകയും, വിധിക്കപ്പെടുകയും, പരിഹസിക്കപ്പെടുകയും, പ്രഹരിക്കപ്പെടുകയും ക്രൂശിക്കപ്പെടുകയും ചെയ്യും. എന്നാൽ മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടും (മത്താ. 20:18-19). നന്മനിറഞ്ഞവന്റെ പാതകൾ പരുക്കനാണെങ്കിലും, അവൻ രക്ഷയുടെ തീരമണിയും, തീർച്ച. ഉത്ഥിതൻ നമ്മോടു പറയുന്ന രണ്ടാമത്തെ കാര്യം: നമ്മൾ ഉയിർപ്പേകുന്നവരായിരിക്കണം. നമ്മൾ കരുതലിന്റെയും, കാരുണ്യത്തിന്റെയും കൈത്താങ്ങാവണം. ഇല്ലാത്തവനുമായി അല്പമൊന്നു പങ്കുവച്ചാൽ, വേദനിക്കുന്നവന്റെ മുറിവിൽ സാന്ത്വനത്തിന്റെ തൈലം പൂശിയാൽ, വേദനിപ്പിച്ചവനോട് ഒന്നു പൊറുത്താൽ, ഒറ്റപ്പെട്ടവനോടു കൂടെയിരുന്നാൽ, അവർക്കെല്ലാം ഉയിർപ്പിന്റെ പുതുജീവനുണ്ടാകും. ഉയിർപ്പിക്കപ്പെട്ടവനു മാത്രമെ ഉയിർപ്പിന്റെ സുവിശേഷം പ്രഘോഷിച്ചു മറ്റുള്ളവർക്ക് ഉയിർപ്പേകുവാൻ കഴിയുകയുള്ളു. തകർച്ചയുടെയും, പ്രതികാരത്തിന്റെയും, മരണത്തിന്റെയും വിശേഷങ്ങൾ സാമൂഹ്യമാധ്യമങ്ങളിൽ പങ്കുവച്ചു വ്യർത്ഥമോഹത്തിൽ ജീവിക്കാതെ, ശവപ്പെട്ടിയ്ക്കുമേൽ ആണിയടിക്കാതെ, ഏവർക്കും ഉയിർപ്പിന്റെ സദ്വാർത്തയേകുന്ന ആത്മാവിന്റെ അഭിഷേകമുള്ളവരായിത്തീരുവാൻ ഉത്ഥിതനായ യേശു ഏവരെയും അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. ഉത്ഥിതനായ ഈശോയെ അനുഭവിച്ചവർക്കു മാത്രമെ, ഈ ലോകത്തിൽ പ്രത്യാശയുടെ തിരിനാളം തെളിയ്ക്കാൻ കഴിയുകയുള്ളു. ലോകമെങ്ങും എല്ലാവർക്കും പ്രതീക്ഷയുടെ പ്രഭയേകുന്ന മിഷനറിമാരാകുവാൻ നമുക്കു തീരുമാനമെടുക്കാം. ഞാൻ തെളിക്കുന്ന ഇത്തിരി വെട്ടം ഇരുട്ടിനെ അൽപ്പമെങ്കിലും അകറ്റും. വെളിച്ചമാകുവാനും, വെളിച്ചമേകുവാനും ഉത്ഥിതനായ ഈശോ നമ്മെയെല്ലാവരെയും, പ്രത്യേകിച്ച്, സാന്തോം ഫെലോഷിപ്പ് മക്കളെ അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. എല്ലാവർക്കും പ്രതീക്ഷാ നിർഭരമായ ഉയിർപ്പുത്തിരുനാളാശംസകൾ.

**മാർ ജോസ് പുത്തൻവീട്ടിൽ**
**ഫരീദാബാദ് രൂപത സഹായ മെത്രാൻ**



# പ്രത്യാശയുടെ ഇടങ്ങളിലേക്ക്



**ഫാ. ജെസ്റ്റിൻ കൈതോട്ടുങ്കൽ**
വൈസ് റെക്ടർ
റൂഹാലയ മേജർ സെമിനാരി ഉജ്ജൈയിൻ

ലോകം മുഴുവൻ ശാന്തിയുടെയും സമാധാനത്തിന്റെയും പ്രത്യാശയുടെയും ദൂതുമായി മറ്റൊരു ഈസ്റ്റർ ദിനം കൂടി സമാഗതമാകുന്നു. പുതിയ ഒരു നാളെയുടെ ഉയിർത്തെഴുന്നേല്പിന്റെ ഈ ഉയിർപ്പുതിരുനാൾ പ്രത്യാശയുടെ ഇടം തേടിയുള്ള ഒരു കാൽവയ്പിന് പ്രചോദനമാകട്ടെ.

## ഉത്ഥാനം

നമ്മുടെ വിശ്വാസത്തിന്റെ കാതലും, പ്രത്യാശയുടെ ഇടങ്ങളിലേക്കുള്ള ഒരു ഉറപ്പുമാണ് ഉയിർപ്പുതിരുനാൾ. വിശുദ്ധ പൗലോസ്ശ്ലീഹാ (1 കോറി. 15:14) പറഞ്ഞുവയ്ക്കുന്നു, "ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗവും നിങ്ങളുടെ വിശ്വാസവും വ്യർത്ഥമാണ്." വിശ്വാസ ജീവിതത്തിന്റെ അടിസ്ഥാനവും ദിശാബോധം നൽകി മുന്നോട്ടു നടക്കാൻ പ്രചോദനം തരു

ന്നതും ഉയിർപ്പാണ്. ഈജിപ്ഷ്യൻ പിരമിഡുകൾ ജനശ്രദ്ധ ആകർഷിക്കുന്നത് അവിടെ അടക്കം ചെയ്യപ്പെട്ട വിശ്രമം കൊള്ളുന്ന പ്രമുഖ വ്യക്തിത്വങ്ങളും മമ്മി ചെയ്യപ്പെട്ട ഈജിപ്ഷ്യൻ ഫറവോ മാരുടെ മൃതദേഹങ്ങളുമാണെങ്കിൽ, ജറുസലേമിലെ വിശുദ്ധ സെൽവച്ചറിന്റെ ദേവാലയം ജനശ്രദ്ധക്കു പാത്രമാകുന്നത് ആ ദേവാ ലയത്തിന്റെ പ്രവേശനകവാടത്തിൽ എഴുതിവച്ചിരിക്കുന്ന ഒറ്റ വാച കത്താൽ ആണ്, അവൻ ഇവിടില്ല. ശൂന്യമായ കല്ലറ ഉപേക്ഷിച്ച് മരിച്ചവരിൽ നിന്ന് അവൻ ഉയർത്തു എന്ന സത്യം അനേകായിര ങ്ങൾ ഹൃദയത്തിൽ സ്വീകരിക്കുന്ന സത്യമാണ്. അതാണ് നമ്മുടെ വിശ്വാസത്തിന്റെ കാതൽ.

## പ്രത്യാശയുടെ ഇടങ്ങളിലേക്കുള്ള ഒരു ഉറപ്പ് ഈസ്റ്റർ

പ്രത്യാശയുടെ ഇടങ്ങളിലേക്കുള്ള ഒരു ഉറപ്പുകൂടിയാണ് ഈസ്റ്റർ എന്ന സത്യം നമുക്ക് വിസ്മരിക്കാതിരിക്കാം. അപ്പസ്തോ ലിക പ്രബോധനങ്ങളുടെ സാരാംശം തന്നെ യേശു ഉയർപ്പിക്ക



പ്പെട്ടു എന്നതാണ്. റോമാ 10:9 പൗലോ സ്ശ്ലീഹാ പറഞ്ഞുവ യ്ക്കുന്നു "ക്രിസ്തു വിനെ പിതാവായ ദൈവം മരിച്ചവരിൽ നിന്ന് ഉയർപ്പിച്ചുവെന്ന് അധരം കൊണ്ട് ഏറ്റു പറയുകയും, വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും എന്ന്." രക്ഷയിലേക്ക്, നിത്യജീവനിലേക്ക് നടന്നടുക്കുവാനുള്ള പ്രത്യാശയുടെ സന്ദേശമാണത്. ഉത്ഥാനത്തിലൂടെ ഭയത്തെയും, ആകുലതകളെയും മരണത്തെയും കീഴ്പെടുത്തി കർത്താവ് ഉത്ഥാനം ചെയ്യുമ്പോൾ അത് നമുക്ക് നല്കുന്ന പ്രത്യാശ വലുതാ ണ്. നീ മരിച്ചാലും നിനക്ക് വിശ്വാസമുണ്ടെങ്കിൽ നീ ജീവിക്കു മെന്നുള്ള ഉറപ്പാണത്. നമ്മുടെ ദൈവം മനുഷ്യനായി അവതരിച്ച്, നമ്മുടെ കുറവുകൾക്ക് പരിഹാരം ചെയ്യാൻ കുരിശിൽ മരിച്ച് നമ്മെ വീണ്ടെടുത്ത് മഹത്വത്തിലേക്ക് നമ്മെ ഉയർത്തുക ഈ ഉത്ഥാന ത്തിലൂടെ ആണ്. താബോറിന്റെ മഹത്ത്വവും ഗത്സമനിലെ വ്യാകു ലതകൾക്കും, കാൽവരിയിലെ കുരിശിനപ്പുറം ഒരു ഉത്ഥാനം സാധ്യ മാണ് എന്ന പ്രത്യാശയാണ് ഉയർപ്പിതിരുനാൾ. പ്രത്യാശയുടെ,

ആത്മധൈര്യത്തിന്റെ പ്രചോദനമായി അടയാളമായി, ഉത്ഥാനം മാറിയതിന്റെ ഉത്തമ ഉദാഹരണമാണ് എല്ലാ പ്രതീക്ഷകളും അസ്തമിച്ചിടത്ത് നിന്ന് വചനപ്രഘോഷണത്തിന്റെ വക്താക്കളായ് മാറാൻ ശിഷ്യൻമാരെ പ്രേരിപ്പിക്കുന്നത്. ഉത്ഥിതൻ അവരുടെ വേദനകളിൽ, ഭയത്തിൽ, പ്രത്യക്ഷപ്പെട്ടില്ലെങ്കിൽ അനേകരിലേക്ക് പ്രത്യാശയുടെ വചനം എത്തില്ലായിരുന്നു. നമുക്ക് പ്രതീക്ഷയുടെ ഇടങ്ങൾ തുറക്കപ്പെട്ടില്ലായിരുന്നു. ശൂന്യമായ കല്ലറയ്ക്കും ഉരുട്ടിമാറ്റപ്പെട്ട കല്ലിനുമൊക്കെ അപ്പുറം കർത്താവിന്റെ ഉയിർപ്പിന് ദൃക്സാക്ഷികൾ ആരുമില്ലെങ്കിലും, പതിനായിരങ്ങൾ അവനുവേണ്ടി, ശിഷ്യന്മാരെ പോലെ, പൗലോസിനെപോലെ രക്തസാക്ഷികളാകാൻ സധൈര്യം മുന്നോട്ട് വരുന്നുണ്ടെങ്കിൽ അതു തന്നെയാണ് കർത്താവിന്റെ ഉയിർപ്പിന്റെ ഏറ്റവും വലിയ തെളിവ്. സഭാപിതാവായ അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് ഇപ്രകാരം പറഞ്ഞുവയ്ക്കുന്നു.

"ഞാൻ ദൈവത്തിന്റെ ഗോതമ്പാണ്. ഞാൻ ക്രിസ്തുവിന്റെ ശുദ്ധമായ അപ്പം കണ്ടെത്തേണ്ടതിന് മൃഗങ്ങളുടെ പല്ലിനാൽ എന്നെ പൊടിക്കട്ടെ. അങ്ങനെ ഞാൻ ക്രിസ്തു ശിഷ്യനായ്ത്തീരും ഞാൻ കഷ്ടപ്പെടുമ്പോൾ ഞാൻ ക്രിസ്തുവിന്റെ സ്വതന്ത്രനായ മനുഷ്യനായിരിക്കും. അവനിൽ വിലയം പ്രാപിച്ച് വീണ്ടും ഉയർത്തെഴുന്നേൽക്കും".

## മരണം ഉത്ഥാനത്തിലേക്കുള്ള ഒരു കടന്നുപോകൽ

മരണം ഉത്ഥാനത്തിലേക്കുള്ള ഒരു കടന്നുപോകലാണ് എന്ന വലിയ സത്യം യേശുനാഥൻ നമ്മെ പഠിപ്പിക്കുന്നുണ്ട്. മനുഷ്യന്റെ



കണ്ണുകൾകൊണ്ട് വികാരവിചാരങ്ങൾകൊണ്ട് ഈ സത്യം തിരിച്ചറിയാൻ ഒരു പക്ഷേ എളുപ്പമായിരിക്കില്ല. അതുകൊണ്ടാണ് കാൽവരിയിലേക്കുള്ള കർത്താവിന്റെ കുരിശുവഹിച്ചുകൊണ്ടുള്ള യാത്ര കണ്ടുനിന്നവർ പൊട്ടിക്കരഞ്ഞത്, എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ നിരാശരായി കാണപ്പെട്ടത്. കല്ലറയിലേക്ക് പോയ മഗ്ദലന മറിയം കണ്ണീർ പൊഴിച്ചത്

പ്രത്യാശയില്ലാത്ത ഇടങ്ങൾ സമ്മാനിക്കുന്നത് നിരാശയാണ്. ഈ ലോകത്തിന്റെ കണ്ണുകൾകൊണ്ട് സമീപിക്കുമ്പോൾ നിരാശയാണ് ഫലം. എന്നാൽ തമ്പുരാന്റെ മിഴിയിലൂടെ കാണാൻ ശ്രമിക്കുമ്പോൾ, അവന്റെ മൊഴി ഹൃദയത്തിൽ സ്വീകരിക്കുമ്പോൾ അവന്റെ വഴിയെ നടക്കാൻ ശ്രമിക്കുമ്പോൾ സംതൃപ്തി നഷ്ടപ്പെട്ട ഇടങ്ങൾ, വേദന നിറഞ്ഞ ഇടങ്ങൾ, സന്ദേഹം നിറഞ്ഞ ഇടങ്ങൾ ഒക്കെ ഉണർവ്വിന്റെ, പ്രത്യാശയുടെ ഇടങ്ങൾ ആയിമാറും.

"നീ സ്നേഹിക്കുന്ന നിൻെറ ഏകമകൻ ഇസഹാക്കിനെയും കൂട്ടിക്കൊണ്ടു മോറിയാ ദേശത്തേക്കു പോവുക. അവിടെ ഞാൻ കാണിച്ചുതരുന്ന മലമുകളിൽ നീ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം" (ഉല്പത്തി 22:2) അബ്രാഹത്തിന്റെ മനോഭാവം നമുക്ക് പ്രചോദനമാണ്. ദൈവിക ഇടപെടലുകളിൽ പ്രത്യാശയുള്ളവരായിരിക്കാനുള്ള ഓർമ്മപ്പെടുത്തൽ. ഇസഹാക്ക് എന്ന ഏകജാതനെ ബലിയായി അർപ്പിക്കുവാൻ ദൈവം ആവശ്യപ്പെട്ടപ്പോൾ പ്രത്യാശയോടെ, വിശ്വാസത്തോടെ ഉത്തരം നൽകുന്ന അബ്രാഹത്തിന്റെ ചിത്രം. റോമാക്കാർക്കുള്ള ലേഖനം



4:20 ൽ വി. പൗലോസ് അബ്രാഹത്തിന്റെ വിശ്വാസത്തെയും പ്രത്യാശയെയുംകുറിച്ച് പറഞ്ഞുവയ്ക്കുന്നത് ഇപ്രകാരമാണ്, "വിശ്വാസമില്ലാത്തവനെപോലെ ദൈവത്തിന്റെ വാഗ്ദാനത്തിനെതിരായി അവൻ ചിന്തിച്ചില്ല. മറിച്ച് ദൈവത്തെ മഹത്വപ്പെടുത്തികൊണ്ട് അവൻ വിശ്വാസത്താൽ ശക്തി പ്രാപിച്ചു. വീണ്ടും ഹെബ്രായർക്കുള്ള ലേഖനം 11:17-19 ൽ നാം ഇപ്രകാരം വായിക്കുന്നു. "വിശ്വാസം മൂലമാണ്, പരീക്ഷിക്കപ്പെട്ടപ്പോൾ അബ്രാഹം ഇസഹാക്കിനെ സമർപ്പിച്ചത്". മരിച്ചവരിൽ നിന്നും മനുഷ്യരെ

ഉയർപ്പിക്കാൻ പോലും ദൈവത്തിന് കഴിയുമെന്ന് അവൻ വിചാരിച്ചു. സഭാപിതാവായ ഒരിജെൻ ഉല്പത്തി പുസ്തകത്തിന്റെ വ്യാഖ്യാനത്തിൽ ഇപ്രകാരം പറയുന്നു. "ഇത് ഉയർപ്പിലുള്ള വിശ്വാസത്തിന്റെ മഹത്തായ പ്രഥമ ഉദാഹരണമാകാം. ദൈവം ഇസഹാക്കിനെ ഉയർപ്പിക്കുമെന്ന് അബ്രാഹം വിശ്വസിച്ചു, പ്രത്യാശിച്ചു. ലോകത്തിന്റെ പാപങ്ങൾക്ക് പരിഹാരമായി സ്വയം ബലിയാകുവാൻ തന്റെ സന്താനപരമ്പരയിൽ നിന്നതാണ് അവനെന്നും അബ്രാഹം അറിഞ്ഞിരുന്നു". ക്രിസ്തുവിന്റെ അനുയായികളായ നമുക്കും ഉണ്ടാകേണ്ട മനോഭാവം ഇതു തന്നെയായിരിക്കട്ടെ. മരണം പുനരുത്ഥാനത്തിലേക്ക് ഉള്ള കടന്നുപോകൽ ആണ് എന്ന സത്യം. സഭാപിതാവായ വി. അഗസ്റ്റിൻ പറഞ്ഞുവയ്ക്കുന്നു. "ക്രിസ്തു മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും സ്വർഗത്തിലേക്ക് കയറുകയും ചെയ്ത തന്റെ ശരീരം മുഖേന, തന്റെ ശരീരമായ നമ്മെ മുൻനിഴലാക്കാൻ തിരഞ്ഞെടുത്തു. അതിനാൽ അവന്റെ ശരീരത്തിലെ അംഗങ്ങൾ അവരുടെ ശിരസ് പോയ സ്ഥലത്തേക്ക് അവനെ അനുഗമിക്കുമെന്ന് പ്രതീക്ഷിക്കുന്നു".

തീർച്ചയായും യേശുവിന്റെ ഉയിർപ്പ് നമ്മുടെ ഉത്ഥാനത്തിന്റെ ഉറപ്പാണ്."യേശു മർത്തായോടു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല". (യോഹ 11:25-26). "എന്തെന്നാൽ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ, ക്രിസ്തീയ ജീവിതം ഭൂമിയിൽ ഇപ്പോൾത്തന്നെ ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലുമുള്ള പങ്കുചേരലാണ്" (CCC 1002).

## യേശുനാഥൻ പുനരുത്ഥാന ശക്തി

യേശുനാഥൻ പുനരുത്ഥാന ശക്തിയാണ്. ജായ്റോസിൻെറ മകളെയും ലാസറിനെയും ഒക്കെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ പ്രാപ്തനാണവൻ. യേശുവിന്റെ ഉയിർപ്പിനെ അവന്റെതുമാത്രമായി കാണാതെ നാമോരുത്തരുടെയും ഉയിർപ്പായി മനസ്സിലാക്കാൻ ശ്രമിക്കാം. കർത്താവിന്റെ ശൂന്യമായ കല്ലറപോലെ നമ്മുടെ ജീവിതബന്ധനങ്ങളിൽ നിന്ന് പുറത്തുവരുവാൻ ഉള്ള ഒരു അവസരമാണ് ഉയിർപ്പ്. എന്തെന്നാൽ യേശുവിന്റെ ജനനം, ജീവിതം, പീഡാനുഭവം, മരണം, ഉത്ഥാനം എല്ലാം പിതാവായ ദൈവ

ത്തിന്റെ രക്ഷാകരപദ്ധതിയുടെ ഭാഗമാണ്. ഉയിർപ്പിന്റെ ഏറ്റവും വലിയ സന്ദേശം മാനവരാശിയുടെ രക്ഷയാണ്. ഉത്ഥിതൻ ഓരോ തവണ പ്രത്യക്ഷപ്പെടുമ്പോഴും പ്രധാനമായി രണ്ട് കാര്യങ്ങളാണ് നമുക്ക് കാണാൻ കഴിയുക. ആദ്യം തന്റെ മുറിവുകൾ കാണിക്കുന്നു. പിന്നെ സമാധാനം ആശംസിക്കുന്നു. തന്റെ മുറിവുകൾ കാണിച്ചുകൊണ്ട് അവൻ നമ്മോട് എന്താണ് പറയാൻ ആഗ്രഹിക്കുക ? ജീവന്റെ നാഥനെ നമ്മുടെ പാപങ്ങളാൽ നാം മരണത്തിന് ഏൽപ്പിച്ചുകൊടുത്തു. അവന്റെ മുറിവുകൾ എന്റെയും നിങ്ങളുടെയും ആത്മീയ അപര്യാപ്തതയുടെ, കുറവുകളുടെ അടയാളമാണ്. പക്ഷെ തമ്പുരാന് പരാതിയില്ല. ഉത്ഥിതന് പറയുവാൻ ഉള്ളത് ഒന്നു മാത്രമാണ്. 'Shalom'- സമാധാനം. തള്ളിപ്പറഞ്ഞവനോടും വഞ്ചിച്ചവനോടും ഓടിയൊളിച്ചവനോടും ഉപേക്ഷിച്ച് തിരിഞ്ഞ് നടന്നവനോടും ഉത്ഥിതൻ പറയുന്നു 'Shalom'. ക്ഷമിക്കുന്ന സ്നേഹമായ തമ്പുരാൻ ആശംസിക്കുന്ന സമാധാനം. എല്ലാ പാപങ്ങളും പൊറുത്ത് സമാധാനം ആശംസിക്കുവാൻ പര്യാപ്തമാണ് ഉത്ഥിതന്റെ അചഞ്ചലമായ സ്നേഹം, ഒരു ശക്തിക്കും യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപ്പെടുത്തുവാൻ സാധിക്കില്ല എന്ന് വിശുദ്ധ പൗലോസ് റോമാക്കാർക്കുള്ള ലേഖനത്തിൽ വ്യക്തമാക്കുന്നു.(റോമ: 8: 35-39)

നമുക്കും ഉത്ഥിതന്റെ സമാധാന വാഹകരാകാം, ശിഷ്യൻമാരെ പോലെ ആദിമക്രൈസ്തവരെ പോലെ ഉത്ഥിതൻ ആശംസിച്ച സമാധാനം അനുഭവിച്ചറിഞ്ഞ് പ്രത്യാശയുടെ ഇടങ്ങളിലേക്ക് സഞ്ചരിക്കാം. അനേകായിരങ്ങൾക്ക് പ്രത്യാശയുടെ ഇടങ്ങളായി മാറാം. സഭാപിതാവായ ഗ്രിഗറി ദ ഗ്രേറ്റിന്റെ വാക്കുകൾ നമുക്ക് ഉണർവ്വേകട്ടെ. "ഈശോ തന്റെ ഉത്ഥാനത്തിന്റെ മഹത്വത്താൽ നമ്മുടെ പാപാന്ധകാരത്തെ നീക്കം ചെയ്തു. മരണത്തിന്റെ ബന്ധനങ്ങളെ തകർത്തുകൊണ്ട് വിജയശ്രീലാളിതനായി കല്ലറയിൽ നിന്ന് ഉത്ഥിതനായി. സ്വർഗ്ഗവും ഭൂമിയുമായിട്ടുള്ള ബന്ധം വീണ്ടും പുനസ്ഥാപിതമായി. കർത്താവ് നമ്മെ വീണ്ടെടുക്കുന്നതുവരെ സ്വർഗീയ അനുഭവമെന്ന പ്രത്യാശ നഷ്ടപ്പെട്ട വരായിരുന്നു നാം. അവന്റെ പുനരുത്ഥാനം നമ്മുടെ പാപക്കറകളെ കഴുകിക്കളഞ്ഞു. നഷ്ടമായ സന്തോഷവും ആനന്ദവും നമുക്ക് തിരികെ നൽകി. നിന്റെ സ്നേഹത്തിന്റെ ആർദ്രത വിലമതിക്കാനാകാത്തതാണ്."



# എന്റെ മിഷൻ അനുഭവം



**ജിമ്മി കല്ലറയ്ക്കൽ**
**സാന്തോം ഫെലോഷിപ്പ്, തൊടുപുഴ**

വേനൽക്കാലത്ത് ഒഴുക്ക് നിലച്ച നദികളിൽ മലിനജലം കെട്ടിക്കിടക്കുന്നത് കാണുമ്പോൾ ഞാൻ ചിന്തിച്ചിട്ടുണ്ട് കേരളസഭയുടെ വിശ്വാസം ഈ കെട്ടിക്കിടക്കുന്ന ജലം പോലെ മലിനമാകുന്നുണ്ടല്ലോ എന്ന്. മഴ പെയ്തു നദികളിലൂടെ ജലമൊഴുകി തുടങ്ങുമ്പോൾ മാലിന്യം അപ്രത്യക്ഷമാവുന്നതും ജലവും ജലാശയങ്ങളും പുതുജലത്താൽ ശുചി ഉള്ളതായി തീരുകയും ചെയ്യുന്നു. ഇതുപോലെതന്നെ കെട്ടികിടന്നാൽ വിശ്വാസവും മലിനമാകും. ഒരു പരിധിവരെ കേരളസഭയിലെ വിശ്വാസം അടിക്കടി താഴേക്ക് പോകാൻ കാരണം അത് നാം പങ്കുവയ്ക്കുന്നതിൽ കാണിച്ച വിമുഖത മൂലമാണ്. വളരുവാനായി ഈ വിശ്വാസം ഇനി പുറത്തേക്ക് ഒഴുകണം. വിശ്വാസപരിശീലന മേഖലയിൽ പ്രവർത്തിക്കുമ്പോൾ ദൈവത്തിൽ നിന്നും ലഭിച്ച നന്മകൾക്ക് നന്ദി പറയുവാൻ നമ്മുടെ

യുവതലമുറ കാണിക്കുന്ന വിമുഖതയും വിശ്വാസപരിശീലനത്തോടുള്ള നമ്മുടെ കുട്ടികളുടെ നിഷേധവും, വിജാതീയർ ക്രൈസ്തവ വിശ്വാസത്തോടും സുവിശേഷത്തോളും കാണിക്കുന്ന മമതയുമാണ് മിഷനിലേക്ക് കൂടുതൽ തിരിയുവാൻ പ്രേരകമായത്. പല മിഷൻ യാത്രകളും നടത്തിയിട്ടുണ്ടെങ്കിലും ഒറീസ ശരിക്കും ഒരു വേറിട്ട അനുഭവം തന്നെയാണ്, രക്തസാക്ഷികളുടെ ചുടുനിണം ആണ് സഭയുടെ വിത്ത് എന്ന് ആയിരം തവണ പറഞ്ഞിട്ടുണ്ടെങ്കിലും അത് കാണുവാൻ ഭാഗ്യം ലഭിച്ചത് ഒറീസാ മണ്ണിലാണ്. 2007 ൽ നടന്ന കാണ്ഡമാൽ നരനായാട്ടിലൂടെ ഒറീസയിലെ ക്രൈസ്തവ സഭയെ പറ്റി ലോകമറിഞ്ഞു. അവരുടെ ധീര രക്തസാക്ഷിത്വത്തെക്കുറിച്ച് വായിച്ച കാലം മുതൽ അത് നേരിൽ കാണുവാനുള്ള അഭിവാഞ്ച ഉണ്ടായിരുന്നു. 2020 മാർച്ചിലും തുടർന്ന് 2021 മാർച്ചിലും ആണ് നല്ല ദൈവം അതിന് അവസരം തന്നത്. എം. എസ്. റ്റി സമൂഹത്തിലെ യുവ വൈദികനായ അംബ്രോസ് അച്ചനെ ഞാൻ പരിചയപ്പെടുന്നത് 2019 ൽ നടന്ന ജിജിഎം മിഷൻ കൂട്ടായ്മയിൽവച്ചാണ്. ആ യുവ വൈദികനിലുള്ള സുവിശേഷ അഗ്നിയുടെ മാസ്മരിക ശക്തിയാണ് 2020 മാർച്ച് നാലാം തീയതി യാതൊരു മുന്നറിയിപ്പും കൂടാതെ ഒറീസയിലേക്ക് പോകുവാൻ എനിക്ക് പ്രേരണയായത്.
ലോകത്തെ പിടിച്ചു കുലുക്കിയ കൊറോണ രോഗത്തെക്കുറിച്ചുള്ള ഭീതി ഭാരതത്തിലും എത്തിയ നാളുകളായിരുന്നു അത്. 2020 മാർച്ച് നാലിന് ഒറീസയിലെ കൊലഹണ്ടി ജില്ലയിലുള്ള റാംപൂർ എന്ന മിഷൻ സ്റ്റേഷനിലെത്തിയ ഞാൻ എം. എസ്. റ്റി സമൂഹം നടത്തുന്ന മിഷനിലെ സീനിയർ വൈദികനായ ഫാദർ ജോസ് ചെറിയമ്പ





നാട്ടിനോടും അംബ്രോസ് അച്ചനോടുമൊപ്പം കൊലഹണ്ടി, കാണ്ഡമാൽ ജില്ലകളിലുള്ള പന്ത്രണ്ടോളം സ്റ്റേഷനുകളിലായി ഒരാഴ്ച ചിലവഴിച്ചു. ഈശോയോടും അവന്റെ മൗതിക ശരീരമായ സഭയോടുള്ള സ്നേഹത്താൽ ജ്വലിക്കുന്ന എം. എസ്. റ്റി വൈദികരോടും ഡി. എസ്. റ്റി സഭയിലെ സന്യാസിനികൾ ആയ സിസ്റ്റർ ദയ, പുഷ്പിത എന്നിവരോടുമൊപ്പമുള്ള ആ ഒരാഴ്ച മറക്കാനാവാത്ത ഒരു അനുഭവമായിരുന്നു. ഓരോ ദിവസവും പുലരും മുൻപേ തുടങ്ങുന്ന അവരുടെ മിഷൻ യാത്രകൾ ചിലപ്പോൾ പാതിരാ വരെ നീളും ഓരോ മിഷൻ സ്റ്റേഷനുകളും 10 മുതൽ 40 വരെ കിലോമീറ്ററുകൾ അകലെയാണ് വാഹനങ്ങൾ എത്തിച്ചേരാൻ സാധിക്കാത്ത കാടുകളിലുള്ള ഈ മിഷൻ സ്റ്റേഷനുകളിലേക്ക് ചിലപ്പോൾ എട്ടും പത്തും കിലോമീറ്ററുകൾ കാൽനടയായി യാത്ര ചെയ്യണം. ഗ്രാമങ്ങളിൽ എത്തുമ്പോൾ സുവിശേഷം കേൾക്കുവാനായി ഒട്ടിയ വയറും കീറിയ വസ്ത്രങ്ങളുമായിരിക്കുന്നവരെങ്കിലും തീഷ്ണതയും പ്രത്യാശയും നിറഞ്ഞ മുഖങ്ങളുള്ള കുഞ്ഞുങ്ങളും മുതിർന്നവരും എന്നെ അത്ഭുതപ്പെടുത്തി. ലോക്ഡൗണിനിടയിലേക്ക് തിരികെ വന്നിറങ്ങിയ എന്റെ പിന്നീടുള്ള ദിവസങ്ങൾ ഈ മിഷനെ കുറിച്ചുള്ള ചിന്തകൾ ഉറക്കം കെടുത്തുന്നതായിരന്നു. പിന്നീടുള്ള ഒരു വർഷം ഞാൻ കണ്ടവരോടും കേട്ടവരോടുമൊക്കെ മിഷനെ കുറിച്ച് പങ്കുവച്ചു. എം. എസ്. റ്റി സമൂഹം ഷംഷാബാദ് രൂപതയ്ക്ക് വേണ്ടി ഏറ്റെടുത്തിരിക്കുന്ന ഈ മിഷനെ കുറി

ച്ച് പിന്നീട് ബഹു ജോസ് അച്ചനും അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവും തൊടുപുഴയിൽ എത്തി പങ്കുവച്ചു. ഇത് അനേകരിൽ ജിജ്ഞാസ ഉളവാക്കി. ഒറീസയിലെ മിഷനെക്കുറിച്ച് കേട്ടവരെല്ലാം തന്നെ ഏതെങ്കിലും രീതിയിൽ പ്രാർത്ഥനയിലൂടെയോ, പ്രവർത്തികളിലൂടെയോ, സന്ദർശനത്തിലൂടെയോ ഈ മിഷനിൽ പങ്കുചേരുന്ന അഭൂതപൂർവ്വമായ കാഴ്ചയായിരുന്നു പിന്നീട് കാണുവാൻ സാധിച്ചത്. അനേകം പേർ ദേവാലയ നിർമ്മാണത്തിലും സുവിശേഷം നൽകുന്നതിലും കുട്ടികളെ പഠിപ്പിക്കുന്ന കാര്യങ്ങളിലും പങ്കാളികളായി അനന്തരഫലമായി ഒറീസാ മിഷൻ കാണുവാനും മനസ്സിലാക്കുവാനും ആയി കൃത്യം ഒരു വർഷം പൂർത്തിയായ മാർച്ച് 4 2021 ൽ തൊടുപുഴയിൽ നിന്നും നാല് പേരടങ്ങുന്ന ഒരു സംഘം ഒറീസയിലേക്ക് പുറപ്പെട്ടു. ഇത്തവണ ഞങ്ങൾ സീറോ മലബാർ സഭയുടെ തലവനും പിതാവുമായ അഭിവന്ദ്യ ആലഞ്ചേരി പിതാവിനോടൊപ്പം ഒരു രാത്രി അത്താഴത്തിനും ശേഷമായിരുന്നു യാത്ര. കെസിംഗ റെയിൽവേ സ്റ്റേഷനിൽ നിന്നും നേരെ റാംപൂരിലെ ഡിവൈൻ മേഴ്സി സെന്ററിലേക്ക്. രാവിലെ വിശുദ്ധ കുർബാന കഴിഞ്ഞ് മിഷൻ സ്റ്റേഷനുകളിലേക്ക്. ചില



ദിവസങ്ങളിൽ മലമുകളിലും വനത്തിലും ഉള്ള ഗ്രാമങ്ങളിൽ അന്തിയുറക്കം. ഗ്രാമവാസികൾ തരുന്ന വെള്ളരി ചോറ് ഉപ്പ് എന്ന കറി. മാത്രം കൂട്ടി കഴിച്ചാൽ 32 കൂട്ടം കറി കൂട്ടി താലി മീൽസ് കഴിക്കുന്നതിനേക്കാൾ സ്വാദുണ്ടെന്ന് അറിയണമെങ്കിൽ വിശപ്പിന്റെ വില അറിഞ്ഞ മക്കളോട് കൂടെ ഇരുന്ന് ഭക്ഷണം കഴിക്കണം.വിരലിട്ട ചായ കുടിക്കുവാൻ മടിയുള്ളവർ കൈപ്പത്തി മുഴുവനിട്ട വാട്ടവെള്ളം സ്വാദോടുകൂടി അകത്താക്കുന്നു. ഒന്നിനും പരാതിയില്ലാതെ ഉള്ളതെല്ലാം ദൈവത്തിന്റെ ദാനമാണെന്ന് പള്ളിക്കൂടം കണ്ടിട്ടില്ലാത്ത അവർക്കറിയാം. എല്ലാം കഴിഞ്ഞ് പൊട്ടിപ്പൊളിഞ്ഞ മേൽക്കൂരയ്ക്കു താഴെ ഒന്നുചേർന്ന് പ്രാർത്ഥിക്കുമ്പോൾ ദുഃഖം

കൊണ്ടും സന്തോഷം കൊണ്ടും കരഞ്ഞു പ്രാർത്ഥിക്കുന്നവരെ കണ്ടപ്പോൾ പള്ളിയിലെ ഫാനിന് കാറ്റ് പോരെന്ന് പറഞ്ഞ് പരാതിപ്പെടുന്ന നമ്മുടെ അതിപുരാതന ക്രിസ്ത്യാനികളെ ഓർമ്മ വന്നു. പല ഗ്രാമങ്ങളിലും വെള്ളമോ വെളിച്ചമോ ഇല്ല 60-70 വർഷം പഴയ ഒരു ഹൈറേഞ്ച് ഗ്രാമത്തിലെ വികസനം പോലും ഈ ഒറീസ ഗ്രാമങ്ങളിൽ ഇല്ല. ഈശോയോട് അവർക്ക് ഇഷ്ടമാണ്. ചില ഗ്രാമങ്ങളിൽ പണ്ടെങ്ങോ പാസ്റ്റർമാർ ഈശോയെ പറ്റി പറഞ്ഞിട്ടുണ്ട്. നാല് കമ്പുകൾ നാട്ടി മുകളിൽ കച്ചി മേഞ്ഞ ഒരു ഷെഡ് കാണിച്ച് ജോസ് അച്ചൻ പറഞ്ഞു ഇതാണ് അവരുടെ ഹൈസ്കൂൾ. അതിൽ രണ്ട് പശുക്കളും കുറെ ആടുകളും സുഖമായി വിശ്രമിക്കുന്നു.ഏതോ ടീച്ചർ സർക്കാരിൽനിന്ന് ഈ പേരിൽ ശമ്പളം വാങ്ങുന്നുണ്ടത്രേ!. കാണ്ഡമാൽ കലാപത്തിന് കാരണമായത് സ്വാമി ല



ക്ഷ്മണാനന്ദയുടെ എന്ന സന്യാസിയുടെ മരണമായിരുന്നു. ലക്ഷ്മണാനന്ദയുടെ ആശ്രമം ഒരു കല്ലേറു ദൂരെ നിന്നു വീക്ഷിച്ചു. മിക്ക ഗ്രാമങ്ങളിലും അന്ന് പീഡകർ വന്നിരുന്നു. ചിലരെ ആക്രമിച്ചു. ചിലർ കൊല്ലപ്പെട്ടു. ഭവനങ്ങൾ അക്രമികളാൽ തീ വയ്ക്കപ്പെട്ടു. ഗ്രാമവാസികൾ കാടുകളിലേയ്ക്ക് പലായനം ചെയ്തു. സ്ത്രീകളും കുട്ടികളുമക്കം അനേകം പേർ അക്രമികളെ ഭയന്ന് കാടുകൾക്ക് ഉള്ളിലായിരുന്നു. അവരെല്ലാം തന്നെ വിശ്വാസം ഉപേക്ഷിക്കാതെ തിരികെ എത്തിയിരിക്കുന്നു. ക്രൂരമായി ബലാത്സംഗം ചെയ്യപ്പെട്ട ശേഷം തീ കൊളുത്തപ്പെട്ട ഒരു പെൺകുട്ടി ഈശോയെ ധൈര്യപൂർവ്വം ഏറ്റുപറഞ്ഞത് ചാട്ടുളിപോലെ ഉള്ളിൽ തറയ്ക്കുന്നതായിരുന്നു. പാരമ്പര്യ ക്രിസ്ത്യാനികളായ നാം വിശ്വാസത്തിന്റെ അഗ്നി പരീക്ഷകളെ എങ്ങനെ അതിജീവിക്കും എന്ന് സംശയം തോന്നുന്നു. കലാപത്തിൽ കൊല്ലപ്പെട്ട ബർണാഡ് അച്ചന്റെ ഇടവക

ഇന്നൊരു തീർത്ഥാടനകേന്ദ്രമാണ്. അച്ചൻ ഉൾപ്പെടെ 7 പേർ അവിടെ വിശ്വാസത്തിനുവേണ്ടി രക്തസാക്ഷികളായി. അന്ന് പീഡനത്തിന് വിധേയരായവരുൾപ്പെടെയുള്ള വൈദികരെയും, അതിന്



സാക്ഷിയായ കത്തിയ ജീപ്പും, കത്തിക്കപെട്ട പാസ്റ്ററൽ സെന്ററും കണ്ടു. 2020ലെ യാത്രയിൽ പൂർത്തിയാവാതെ പോയ ആഗ്രഹമായിരുന്നു ഗ്രഹാം സ്റ്റെയിൻസിന്റെ സ്ഥലം സന്ദർശിക്കുക എന്നത്. ഓസ്ട്രേലിയൻ മിഷനറിയായിരുന്ന സ്റ്റെയിൻസിനെയും രണ്ടു മക്കളെയും തീവ്രവാദികൾ ജീപ്പിൽ ഇട്ട് ചുട്ടുകൊന്ന സ്ഥലത്ത് ഇന്ന് വിശ്വാസം തഴച്ചു വളരുന്നു. ക്രിസ്തു മാർഗ്ഗത്തെ അവർ ആവേശത്തോടെ പുണരുന്നു. ധാരാസിംഗ് എന്ന തീവ്രവാദിയുടെ നേതൃത്വത്തിൽ കൊല്ലപ്പെട്ട കത്തോലിക്കാ പുരോഹിതൻ തമിഴ്നാട് സ്വദേശിയായ അരുൾ ദാസ് അച്ചൻ മരിച്ച ഗ്രാമം ഗ്രഹാം സ്റ്റെയിൻസിന്റെ ഗ്രാമത്തിന്റെ അടുത്താണ്. മുപ്പത്തിമൂന്നാം വയസ്സിൽ രക്തസാക്ഷിയായ അരുൾ ദാസച്ചനെ ഇനിയും പുറംലോകം അധികം ഒന്നും അറിഞ്ഞിട്ടില്ല . അച്ചന്റെ സഹപ്രവർത്തകനും മലയാളിയുമായ വർഗീസച്ചൻ ഇന്നും സന്താളികളുടെ (ഒറീസ്സായിലെ ഗ്രാമവാസികൾ അറിയപ്പെടുന്ന പേര്) ആ ഗ്രാമത്തിൽ നിർഭയം ശുശ്രൂഷ ചെയ്യുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആര് നമ്മെ വേർപെടുത്തും.?
ക്ലേശമോ ദുരിതമോ പീഡനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ എന്ന ചോദ്യത്തിന് ഒറീസ മിഷൻ സന്ദർശിച്ചാൽ ഉത്തരമായി. സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം. പ്രിയ മിഷനറിമാരെ അത് നിങ്ങളെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ക്രിസ്തുവിനുവേണ്ടി ജീവിതം കൊടുത്ത നിങ്ങളെപ്പറ്റി തന്നെ.



# പ്രേഷിത വഴിയിൽ



സി. തെരേസില MC, അൽബേനിയ

എനിക്ക് ജന്മം നല്കിയ ദൈവം എന്റെ മാതാപിതാക്കളി ലൂടെ എന്നെ വളർത്തുമ്പോഴും അവൻ എന്നെ സ്വന്തമാക്കിക്കഴി ഞ്ഞിരുന്നു. എറണാകുളം അതിരൂപതയിലെ അമ്പുനാട് ഇടവക യിലെ കാടപ്പറമ്പിൽ വീട്ടിൽ ദേവസിയുടെയും ഏലിക്കുട്ടിയുടെയും നാലു മക്കളിൽ ഒരാളായി ജനിച്ചു. അപ്പച്ചന്റെ ഏറ്റവും വലിയ ആ ഗ്രഹമായിരുന്നു നല്ല വിശ്വാസത്തിലും ഉന്നത വിദ്യാഭ്യാസത്തി ലും മക്കളെ വളർത്തുക എന്നത്. പള്ളി അടുത്തായിരുന്നതുകൊണ്ട് എല്ലാദിവസവും മുടങ്ങാതെ ദിവ്യബലിയിൽ പങ്കെടുത്തിരുന്നു. ജ പമാല എന്നും സംരക്ഷണ കവചവുമായിരുന്നു. ഈശോയുടെ കു രിശുരൂപത്തിൽ നോക്കി ഈശോയെ കൂടുതൽ സ്നേഹി ക്കുന്തോറും ഈശോ എന്നെ സ്നേഹത്തിൽ കൂടുതൽ ശക്തിപ്പെടു ത്തുന്നതായി എനിക്കനുഭവപ്പെട്ടു.

എന്റെ പ്രിയപ്പെട്ട സാന്തോം ഫെലോഷിപ്പ് അംഗങ്ങളെ, ഞാൻ ഈശോയുടെ കൊച്ചുറാണി. ഈശോയെ ഞാൻ സ്നേഹിച്ചപ്പോൾ ഈശോ എന്നെ കൂടുതൽ സ്നേഹിച്ചതുപോലെ, ഈശോ നിങ്ങളെയും സ്നേഹത്തിൽ ചേർത്തു നിർത്തും. എന്റെ ഈശോ



അനുഭവം എന്റെ പ്രിപ്പപ്പെട്ടവരുമായി പങ്കുവെയ്ക്കുന്നതിൽ എനിക്കൊത്തിരി സന്തോഷമുണ്ട്. എനിക്ക് ചെറുപ്പത്തിൽ തോന്നിയ ഒരാഗ്രമായിരുന്നു ഈശോയുടെ ഒരു പ്രേഷിതയായി ആഫ്രിക്കയിൽ സേവനമനുഷ്ഠിക്കണമെന്നത്. പക്ഷേ ഈശോയോടും മാതാവിനോടുമല്ലാതെ എന്റെ ഈ രഹസ്യം ഞാൻ പങ്കുവെച്ചിരുന്നില്ല. പത്താം ക്ലാസ് പരീക്ഷയുടെ റിസൾട്ട് വന്ന അന്നുതന്നെ എന്റെ ആഗ്രഹം അപ്പച്ചനോട് പറഞ്ഞപ്പോൾ അപ്പച്ചന് വിഷമമായി. എന്നെ പഠിപ്പിച്ച് വലിയ ആളാക്കണമെന്നതായിരുന്നു അപ്പച്ചന്റെ സ്വപ്നം. എന്റെ പിടിവാശിയുടെ മുന്നിൽ അപ്പച്ചന് തോൽക്കേണ്ടി വന്നു. നിന്റെ ആഗ്രഹം അതാണെങ്കിൽ ഞാൻ നിന്റെ പ്രീഡിഗ്രീ പഠനത്തിന് ശേഷം മഠത്തിൽ പോകാനനുവദിക്കാം. അതിന് ഞാൻ സമ്മതം മൂളി. ഞാൻ ഒരു ചെറിയ ഡിപ്ലോമ കേഴ്സിനു ചേർന്നു. അതു കഴിഞ്ഞ ഉടനെ മഹാരാഷ്ട്രയിൽ എസ്.ഡി. സിസ്റ്റേഴ്സിന്റെ കൂടെ ഞാൻ ജോലി ചെയ്തു. അതിനു ശേഷം ഞാൻ ആന്ധ്രാപ്രദേശിലെത്തി ഇടവക വൈദികർ നടത്തുന്ന ഒരു സ്കൂളിലെ കൊച്ചു കുട്ടികളെ പഠിപ്പിക്കാൻ തുടങ്ങി.

ആ വർഷമാണ് അത് സംഭവിച്ചത്. ക്രിസ്തുമസ് രാത്രിയിലെ സന്ദേശത്തിൽ ഒരു മിഷനറി ആകേണ്ടതിന്റെ ആവശ്യത്തെക്കുറിച്ച് ബ്രദർ പ്രസംഗം പറഞ്ഞപ്പോൾ എന്റെ ഉള്ളിൽ ഈശോയുടെ സ്നേഹം ജ്വലിക്കുകയായിരുന്നു. എന്റെ ഉള്ളിൽ ഈശോയുടെ സ്നേഹം നിറഞ്ഞൊഴുകാൻ തുടങ്ങി. എല്ലാവരും ആ ദൈവാലയം വിട്ട് കടന്നു പോയപ്പോൾ ഈശോയുടെ കുരിശിന്റെ താഴെ തനിച്ചിരുന്ന് ഞാനും കുറെ കരത്തു. ഈശോയുടെ സ്നേഹമായിരുന്നു മനസ്സ് നിറയെ. ഞാൻ ഈശോയോട് പല പ്രാവിശ്യം ചോദിച്ചു ഞാനെന്താണ് ചെയ്യേണ്ടതെന്ന്. എന്നാൽ ഈശോ എന്നോ

ടൊന്നും മിണ്ടിയില്ല. അന്ന് രാത്രി ഞാൻ കിടന്നുറങ്ങുമ്പോൾ ഞാനൊരിക്കലും കാണാത്ത മദർ തെരേസ എന്റെ അടുത്ത് വന്ന് എന്റെചെവിയിൽ ഇങ്ങനെ മൂന്ന് പ്രാവശ്യം പറഞ്ഞു. 'മോളേ, ഞാൻ മദർ തെരേസയാണ്. ഈശോ നിനക്കായ് ദാഹിക്കുന്നു. അവിടുന്ന് പ്രതീക്ഷയോടെ നിനക്കായ് കാത്തിരിക്കുന്നു.'ഇത് കേട്ടപ്പോൾ എന്റെ ശരീരം മുഴുവൻ വിറയ്ക്കുന്ന ഒരനുഭവം. പിറ്റേ ദിവസം കുർബ്ബാനയുടെ സമയത്ത് ഈശോയെ ഞാൻ ഏറെ സ്നേഹിച്ചു. ഈശോയോട് ഞാൻ കെഞ്ചിക്കൊണ്ട് പറഞ്ഞു, എനിക്ക് മനസ്സിലായി എവിടെയാണ് എന്റെ ദൈവവിളിയെന്ന്. കുർബ്ബാന കഴി



ഞ്ഞതേ ഞാനോടി പ്രിൻസിപ്പലച്ചന്റെ അടുത്ത് ചെന്നു. ആ അച്ചനിൽ നിന്നുമാണ് എനിക്ക് മദർ തെരേസായെക്കുറിച്ച് കുറച്ചെങ്കിലും അറിയാൽ സാധിച്ചത്. അപ്പോൾ ത്തന്നെ കൽക്കട്ടയിലെ അഡ്രസ്സ് ഞാനച്ചനോട് ചോദിച്ചു. എനിക്കവിടെ ചേരണമെന്ന് ഞാനച്ചനെ അറിയിച്ചു. എന്നാൽ അച്ചൻ അഡ്രസ്സ് തന്നില്ലാ എന്നു മാത്രമല്ല എന്നെ നിരുത്സാഹപ്പെടുത്തുകയും ചെയ്തു. ആയിടയ്ക്കാണ് മദർ തെരേസാ സിസ്റ്റേഴ്സിന്റെ ഒരു ഭവനം എറണാകുളത്ത് പൂക്കാട്ടുപടിയിൽ ആരംഭിച്ചുവെന്ന് എന്റെയൊരു കൂട്ടുകാരിയിൽ നിന്നും ഞാനറിയുന്നത്. കൂട്ടുകാരിയിൽ നിന്ന് അഡ്രസ് വാങ്ങി കത്തെഴുതി. അങ്ങനെ 1993 ഏപ്രിൽ മാസം ഞാൻ വീടുവിട്ടിറങ്ങി ഈശോയെ തേടി മദർ തെരേസായുടെ മിഷണറീസ് ഓഫ് ചാരിറ്റിയുടെ പൂക്കാട്ടുപടി ഭവനത്തിൽ എത്തിച്ചേർന്നു. ഈശോയുടെ കൊച്ചുറാണിയുടെ ആത്മീയ ജീവിതം ഇവിടെ ആരംഭിക്കുകയാണ്. ഈശോ അത്രമാത്രം എന്നെ സ്നേഹിച്ചപ്പോൾ ഈശോയെ കാണാതെ, അവിടുത്തെ നോക്കാതെ, അവിടുത്തെ കേൾക്കാതെ പോകാനാകില്ല എന്നെനിക്കു മനസ്സിലായി. ക്ഷമയോടെ ഈശോയുടെ വിളിക്കായി ക്ഷമയോടെ കാത്തിരുന്ന എന്നെ, സമയമായപ്പോൾ ഈശോ വിളിച്ചു സ്വന്തമാക്കിഞാൻ സംശയലേശമന്യേ പരിശുദ്ധ അമ്മയെപ്പോലെ മറുപടി പറഞ്ഞു, 'ഇതാ കർത്താവിന്റെ ദാസി.'

## ഈശോയുടെ ദാഹം

ഈ വരികൾ വായിക്കുമ്പോൾ ഞാൻ അങ്ങ് അൽബേനിയയിലെ ഏതെങ്കിലും ഒരു ഗ്രാമത്തിൽ ഈശോയുടെ സ്നേഹം കൊടുത്തുകൊണ്ട് നടക്കുകയായിരികും. എന്റെ പ്രിയപ്പെട്ടവരെ വിശുദ്ധ മദർ തെരേസയുടെ ജന്മനാടായ അൽബേനിയയിൽ നിന്നും ആശംസകൾ! നിങ്ങളോട് ഞാൻ നേരത്തെ പറഞ്ഞതു പോലെ ഈശോയുടെ കൊച്ചുറാണി വിശുദ്ധ മദർ തെരേസ സ്ഥാപിച്ച മിഷനറീസ് ഓഫ് ചാരിറ്റിയിൽ അംഗമായി. നീല കരയുള്ള സാരിയും തോളിൽ കുരിശും ധരിച്ച് എന്റെ മിഷനറി ജീവിതം ആരംഭിച്ചു. സിസ്റ്റർ ആയതിനുശേഷം എന്നെ അയച്ചത് അൽബേനിയയിലേക്കാണ്. സ്വപ്നത്തിൽ പോലും വിശുദ്ധ മദർ തെരേസയുടെ



ജന്മനാട്ടിൽ സേവനം ചെയ്യാൻ ഭാഗ്യം ലഭിക്കുമെന്ന് വിശ്വസിച്ചിരുന്നില്ല. അങ്ങനെ നീണ്ട 25 വർഷങ്ങൾ എന്നെ വിളിച്ച ഈശോയ്ക്ക് വേണ്ടി ഓടിനടന്നു. എന്റെ സന്യാസ ജീവിതത്തിന്റെ 25 വർഷത്തെ ജൂബിലി ആഘോഷത്തിനായി എറണാകുളത്ത് വന്നപ്പോഴാണ് വിപിൻ അച്ചനെ പരിചയപ്പെടുന്നതും സാന്തോം ഫെലോഷിപ്പ് അംഗങ്ങളെകുറിച്ച് കേൾക്കുന്നതും. ഞാൻ സേവനം ചെയ്യുന്നത് അൽബേനിയ റീജിയണിൽ ആണ്. ഇത് അഞ്ച് രാജ്യങ്ങൾ ചേർന്നുള്ള ഒരു റീജിയൺ ആണ്. ഒന്ന് അൽബേനിയ, രണ്ടു കോസോവ, മൂന്ന് മാസിഡോണിയ, നാല് ഗ്രീസ്, അഞ്ച് ബൾഗേറിയ. എന്റെ 25 വർഷത്തെ ജീവിതത്തിൽ ഗ്രീസിൽ ഒഴികെ ബാക്കി നാല് രാജ്യങ്ങളിലും ഈശോയ്ക്ക് വേണ്ടി ശുശ്രൂഷ ചെയ്യുവാൻ സാധിച്ചതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു. ഇവിടെ അഞ്ച് രാജ്യങ്ങളിലായി പതിനാല് കോൺവെന്റുകളിൽ എൺപത്തിരണ്ട് സിസ്റ്റേഴ്സ് മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു. വിശുദ്ധ മദർ തെരേസ പറയുമായിരുന്നു ആരെ കണ്ടാലും പുഞ്ചിരിക്കണം. കാരണം, സ്നേഹത്തിന്റെ ആരംഭം ഒരു ചിരിയിൽ തുടങ്ങുന്നു. എന്റെ പ്രിയപ്പെട്ടവരായ നിങ്ങളുടെ മു

ഖത്തും ഒരു ചിരി വിടർന്നു, ഇല്ലേ? അത് നിങ്ങൾക്ക് ഈശോയോടുള്ള സ്നേഹം കൊണ്ടാണ്. ഈ രാജ്യങ്ങൾ ഒക്കെയും ദരിദ്ര രാജ്യങ്ങൾ ആണ്. അതുകൊണ്ട് തന്നെ ഇവിടത്തെ കുട്ടിക



ൾക്ക് നല്ല വിദ്യാഭ്യാസമില്ല, നല്ല ചികിത്സ കിട്ടാൻ ആശുപത്രികൾ ഇല്ല. ദാരിദ്ര്യം കാരണം നല്ല ഭക്ഷണം പോലും കഴിക്കാൻ കിട്ടാത്ത അവസ്ഥ. അനാഥരായ അനേകം കുട്ടികൾ, നോക്കാൻ ആരും ഇല്ലാത്ത തെരുവിലലയുന്ന മാനസികരോഗികൾ, ഒക്കത്ത് കൈക്കുഞ്ഞുമായി ഭിക്ഷ യാചിക്കുന്ന സ്ത്രീകൾ. ഇവിടുത്തെ കാഴ്ചകൾ ഇതൊക്കെയാണ്. ഇവർക്കിടയിൽ ഈശോയുടെ മാലാഖമാരെപ്പോലെ ഓടിനടന്ന ശുശ്രൂഷ ചെയ്യുന്നു. ഒരിക്കൽ അൽബേനിയയിലെ ഒരു മലമ്പ്രദേശത്തുള്ള ഗ്രാമത്തിൽ പോയി. വഴിയോ നല്ല റോഡുകളോ ഒന്നുമില്ല. മണിക്കൂറുകൾ നടന്ന് അവിടെ എത്തിയപ്പോൾ കണ്ടകാഴ്ച ഞങ്ങളെ അത്ഭുതപ്പെടുത്തി. നാൽപത്തിയെട്ടു വർഷമായി ഒരു പുരോഹിതനോ ഒരു സിസ്റ്ററോ കടന്ന് ചെന്നിട്ട്. പക്ഷേ ഈശോയുടെ സ്നേഹത്തിൽ അവർ ജീവിക്കുന്നു. ഈശോയുടെ സ്നേഹം ഞങ്ങൾ ഒരുമിച്ച് പങ്കുവച്ച നിമിഷങ്ങൾ ഞങ്ങൾ കണ്ണീരോടെയാണ് ഓർക്കുക. ഞങ്ങളുടെ പ്രധാന ശുശ്രൂഷ ഈശോയെ അവർക്ക് പറഞ്ഞു കൊടുക്കുക എന്നതാണ്. നിങ്ങൾ ഈശോയെ കൂടുതൽ സ്നേഹിക്കണം. എത്രയോ സമയം നിങ്ങൾ മൊബൈലിൽ കളിക്കുന്നു. കുറച്ചു സമയം നിന്റെ റൂമിൽ ഇരുന്ന് ഈശോയെ സ്നേഹിക്കുമ്പോൾ ഈശോ നിന്നെയും സ്വന്തമാക്കും. നീ സ്വപ്നം കാണുന്നതിനപ്പുറം നിന്നെ കൊണ്ടുപോകും. നിന്റെ സ്നേഹത്തിന്റെ ആഴം നിന്റെ ഹൃദയത്തിൽ തൊടുമ്പോൾ നിന്നെയും അവൻ സ്വന്തമാക്കും. ഇതാ കർത്താവിന്റെ ദാസി അല്ലെങ്കിൽ ദാസനെന്ന ഉത്തരം കൊടുത്താൽ മാത്രം മതി. ഈശോ നിന്റെ സ്നേഹത്തിനായി നിന്റെ റൂമിൽ തന്നെ കാത്തിരിക്കുന്നു.



# വഴിത്താര തീർക്കുന്നവർ

## ഫാ. രാജു പുതുശ്ശേരിൽ




തയ്യാറാക്കിയത്:
**ബ്രദർ തോമസ് ആണ്ടുകുന്നേൽ**


**1. അച്ചന്റെ ദൈവവിളിയെക്കുറിച്ചും, മിഷനറി വൈദികനാകാൻ തീരുമാനിച്ചതിനെക്കുറിച്ചും, സെമിനാരി ജീവിതത്തെക്കുറിച്ചും സാന്തോം ഫെലോഷിപ്പ് അംഗങ്ങളുമായി ഒന്ന് പങ്കുവയ്ക്കാമോ?**

ലോകത്തിലെ തന്നെ ഏറ്റവും അധികം ദൈവവിളികൾ ഉള്ള പാലാ രൂപതയിലെ കൊഴുവനാൽ ഇടവകയിൽ ആണ് ഞാൻ

ജനിച്ചത്. ഒമ്പത് മക്കളിൽ ഏറ്റവും ഇളയ സന്താനം. പൗരോഹിത്യത്തിലേക്ക് ആകൃഷ്ടനായത് കുടുംബത്തിൽ നിന്നും, ഇടവകയിൽ നിന്നും, പള്ളിക്കൂടത്തിൽ നിന്നും ലഭിച്ച പ്രോത്സാഹനമാണ്. ചെറുപ്പം മുതൽ ഒരു വൈദികനാകണം എന്ന ആഗ്രഹം മനസ്സിൽ ഉണ്ടായിരുന്നു. 1984-ൽ മേലമ്പാറയിലെ ദീപ്തി മൈനർ സെമിനാരിയിൽ ചേർന്നു. ജീവൻ ജ്യോതി (മണ്ഡ്യ), റൂഹാലയ മേജർ സെമിനാരി (ഉജ്ജെയിൻ), സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി (വടവാതൂർ) എന്നീ സെമിനാരികളിൽ നിന്ന് വൈദിക പരിശീലനം പൂർത്തിയാക്കി. 1996 ഡിസംബർ 26ന് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

**2. വൈദിക ജീവിതത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ അച്ചൻ മണ്ഡ്യ മിഷനിൽ ചെലവഴിച്ച 25 വർഷത്തെ അനുഭവങ്ങളെ ഒന്ന് ചുരുക്കി വിവരിക്കാമോ?**



മണ്ഡ്യ എനിക്ക് റീജൻസി കാലം മുതലേ പ്രിയപ്പെട്ടതായിരുന്നു. വൈദികനായ ശേഷവും അവിടെത്തന്നെ പ്രേഷിത പ്രവർത്തനം ചെയ്യാനായിരുന്നു ഇഷ്ടം. 'റാഗിമുദ്ദനഹള്ളി' എന്ന മിഷൻ സെന്ററിൽ അസിസ്റ്റന്റ് വികാരി ആയിട്ടായിരുന്നു എന്റെ ആദ്യത്തെ നിയമനം. പിന്നീട് 'കിക്കേരി' എന്ന സ്ഥലത്ത് 3 മാസം അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്തു. അതിനു ശേഷം 'അർക്കെരെ' എന്ന സ്ഥലത്ത് 4 മാസം സേവനം അനുഷ്ഠിച്ചു. അവിടുത്തെ കുട്ടികൾക്കായി ഒരു സ്കൂൾ, രോഗികളെ ശുശ്രൂഷിക്കാനായി ഒരു ഡിസ്പെൻസറി എന്നിവ തുടങ്ങുവാൻ ദൈവം അനുവദിച്ചു. പിന്നീട് 'കൊപ്പ' എന്ന മിഷൻ സ്റ്റേഷനിലേക്ക്

സ്ഥലം മാറ്റം ലഭിച്ചു. അവിടെ ഏകദേശം 4 വർഷം ആളുകളുടെ ഇടയിൽ പ്രവർത്തിച്ചു. അതിന് ശേഷം 'ഹലഗൂർ' എന്ന സ്ഥലത്ത് 6 വർഷം സേവനം ചെയ്തു. പിന്നീട് ഒരു പുതിയ മിഷൻ സ്റ്റേഷൻ ആരംഭിക്കാൻ 'കൊള്ളേഗാൽ' എന്ന സ്ഥലത്ത് കുറച്ചു നാളുകൾ താമസിച്ചു പക്ഷേ ആ ശ്രമം വിഫലമായതിനാൽ 'ബണ്ണൂർ' എന്ന സ്ഥലത്ത് പുതിയതായി ഒരു മിഷൻ സെന്റർ തുടങ്ങി. എസ്.സി വിഭാഗക്കാർ തിങ്ങിപ്പാർക്കുന്ന ഒരു ഗ്രാമമാണിത്. ഇവിടുത്തെ കുട്ടികൾക്കായി ഒരു പുതിയ സ്കൂൾ തുടങ്ങാൻ സാധിച്ചു. ഭിന്നശേഷിക്കാരായ കുട്ടികൾക്കായുള്ള കാളനഹള്ളിയിലെ ട്രെയിനിംഗ് സെന്ററിൽ ഇപ്പോൾ സേവനം ചെയ്യുന്നു.

**3. മണ്ഡ്യ മിഷനിലെ ജനങ്ങളുടെ വിശ്വാസ ജീവിതത്തെക്കുറിച്ച് ഒന്ന് മനസ്സ് തുറക്കാമോ?**

ജാതിവ്യവസ്ഥയിലെ മുന്തിയവരായ ഗൗഡന്മാർ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ് മണ്ഡ്യ. മത ആചാരങ്ങൾ ഏറ്റവും നിഷ്ഠയോടെ പാലിക്കുന്നവരാണ് ഇവിടുത്തെ ആളുകൾ. ഭൂരിഭാഗം ആളുകളും ഹൈന്ദവരാണ്. കുറച്ച് മുസ്ലീങ്ങളും വിരലിൽ എണ്ണാവുന്ന ക്രിസ്ത്യാനികളുമാണ് ഇവിടെ ഉള്ളത്. എം. എസ്.റ്റിയുടെ രീതിയനുസരിച്ച് അക്രൈസ്തവരായ ആളുകളുടെ ഇടയിലാണ് നമ്മൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇവിടെയുള്ള ആളുകൾ യേശുവിനെ അവരുടെ മതത്തിലെ മറ്റ് ദൈവങ്ങള പോലെ ഒരാളായി സ്വീകരിക്കാൻ തയ്യാറാണ്. പല ഹൈന്ദവരും കന്നഡഭാഷയിൽ നമ്മൾ അർപ്പിക്കുന്ന വി. കുർബാന, കൊന്ത അതുപോലെ തന്നെ നമ്മുടെ ആഘോഷങ്ങളായ ക്രിസ്തുമസ്, വിശുദ്ധരുടെ തിരുനാളുകൾ എന്നിവയിലും, വളരെ സന്തോഷത്തോടെ ക്ഷണി





ക്കാതെ തന്നെ വന്ന് പങ്കെടുക്കാറുണ്ട്. പലപ്പോഴും വൈദികരുടെ അടുത്ത് പ്രാർത്ഥനാ സഹായം അപേക്ഷിച്ച് പല ഹൈന്ദവരും എത്താറുണ്ട്. ഒരിക്കൽ മരിക്കാറായി കിടക്കുന്ന ഒരു സ്ത്രീ നന്മരണം പ്രാപിക്കുന്നതിന് വേണ്ടി പ്രാർത്ഥിക്കാനായി അവരുടെ വീട്ടിലേയ്ക്ക് ക്ഷണിച്ചതും പ്രാർത്ഥനയ്ക്ക് ശേഷം 2 ദിവസത്തിനകം ആ സ്ത്രീ മരണം വരിച്ചതും ഓർമ്മയിൽ വരുന്നു. ക്രൈസ്തവ വിശ്വാസത്തോട് അനുഭാവം പുലർത്തുന്നവരെയാണ് 25 വർഷത്തിനുള്ളിൽ ഞാൻ കണ്ട് മുട്ടിയിട്ടുള്ളത്.

**4. മിഷിനറി ജീവിതത്തിൽ വെല്ലുവിളികൾ ഉണ്ടാവുക സാധാരണമാണ്. അങ്ങനെ എന്തെങ്കിലും അനുഭവം?**



ഒത്തിരി വെല്ലുവിളികൾ ഒന്നും തന്നെ നേരിടേണ്ടി വന്നിട്ടില്ല. മാറി മാറി വരുന്ന രാഷ്ട്രീയ പാർട്ടികൾ പല വെല്ലുവിളികളും ഉയർത്തുന്നുണ്ട്. 2008ൽ പല പള്ളികളും മത തീവ്രവാദികൾ ബോംബ് വച്ച് തകർത്തു. അതിന് ശേഷം നിരവധി അക്രമങ്ങൾ ക്രൈസ്തവർക്കെതിരെ നടന്നു. പലപ്പോഴും പലയിടത്തും ആളുകൾ മതപരിവർത്തനമാണോ നമ്മുടെ ലക്ഷ്യം എന്ന് അന്വേഷിച്ചെത്താറുണ്ട്. ബണ്ണൂർ മിഷൻ സ്റ്റേഷനിൽ വച്ച് ഒരിക്കൽ ഒരു വ്യക്തി എനിക്കെതിരെ പോലീസി

ൽ മതപരിവർത്തനത്തിനായി എത്തിയതാണ് എന്ന് പറഞ്ഞ് പരാതിപ്പെട്ടത് ഓർമയിൽ വരുന്നു. 1996 മുതൽ തുടങ്ങിയ മിഷൻ ജീവിതത്തിൽ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത് പഴയതിനേക്കാൾ ഒത്തിരി ദുഷ്കരമാണ് ഇന്ന് മിഷൻ പ്രവർത്തനം എന്നാണ്. വളരെ ശ്രദ്ധയോടെ വേണം ഇനി മിഷൻ പ്രവർത്തനം നടത്താൻ. മിഷനറി ജീവിതത്തിൽ ഇന്ന് ഒത്തിരി വെല്ലുവിളികൾ നമ്മൾ നേരിടുന്നുണ്ട് ഇനിയും നേരിടുകയും ചെയ്യും.

**5. സാന്തോം ഫെലോഷിപ്പ് അംഗങ്ങളോടുള്ള അച്ചന്റെ ഈസ്റ്റർ സന്ദേശം എന്താണ്?**

സെന്തോമസ് മിഷനറി സൊസൈറ്റിയെ പ്രാർത്ഥനയിലൂടെയും മറ്റു വിധത്തിലും ഒത്തിരി സഹായിക്കുന്ന ഫെലോഷിപ്പ് അംഗങ്ങൾക്കും വായനക്കാർക്കും ഉയിർപ്പുതിരുനാളിന്റെ എല്ലാ വിധ മംഗളങ്ങളും നേരുന്നു. ഉയിർപ്പ്, നമ്മുടെ ജീവിതത്തിലും അനുദിനം ഉണ്ടാകേണ്ട ഒരു സംഭവമാണ്. വി. മർക്കോസിന്റെ സുവിശേഷം 16-ാം അദ്ധ്യായത്തിൽ നമ്മൾ കാണുന്നത് മഗ്ദലനാ മറിയം കർത്താവിന്റെ കബറിടത്തിൽ ചെന്നത് അവിടുന്ന് ഉയിർത്തെഴുന്നേറ്റു എന്ന വിശ്വാസത്തോടെയല്ല, പിന്നെയോ, യേശുവിന്റെ ശരീരത്തിൽ സുഗന്ധദ്രവ്യങ്ങൾ പൂശുക എന്ന ഉദ്ദേശ്യത്തോടെയായിരുന്നു. അവളുടെ പ്രധാന ആശങ്ക കല്ലറ മൂടിയിരുന്ന കല്ല് ആര് ഉരുട്ടി മാറ്റും എന്നായിരുന്നു. നമ്മുടെ ജീവിതത്തിലെ കുറവുകളും പ്രതിസന്ധികളുമാകുന്ന കല്ലുകളെ പരിശുദ്ധാത്മ ശക്തിയാൽ ഉരുട്ടി മാറ്റി നമ്മുടെ ജീവിതങ്ങൾ കർത്താവിന്റെ ഉയിർപ്പിന്റെ നേർസാക്ഷ്യങ്ങളാക്കി മാറ്റണം.



# എം. എസ്. റ്റി. മി















# ിഷൻ ആൽബം
















Santhome Fellowship Vol. 12 No. 1 Easter 2022 25 ₹

# The Missionary Society of St Thomas the Apostle (MST)



## 2022
## തോമാശ്ലീഹായുടെ വർഷം

മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950 വർഷങ്ങൾ പൂർത്തിയാകുന്ന ഈ വർഷം കേരള സുറിയാനി ക്രൈസ്തവർക്ക് ഒരു ചരിത്ര മുഹൂർത്തമാണ്. സ്വന്തം സത്വവും തിരിച്ചറിയുവാനുള്ള അവസരം ... തലമുറകൾ കൈമാറി വന്ന മാർത്തോമ്മാ പൈതൃകം തിരിച്ചറിഞ്ഞ് അതിൽ അടിയുറച്ചു നിൽക്കുവാനുള്ള അവസരം. പ്രതിലോമ ചിന്തകൾക്ക് കീഴ്പ്പെട്ടുപോകാതെ ക്രൈസ്തവ വിശ്വാസത്തിന്റെ നേർവഴിയിൽ ചരിക്കുവാനുള്ള അവസരം ...
ഈ ചരിത്ര മുഹൂർത്തത്തിൽ നിങ്ങൾക്ക് ആത്മീയ ശക്തിയേകാൻ സെന്തോമാസ് മിഷനറി സൊസൈറ്റിയുടെ നേതൃത്വത്തിൽ Thomasine Resource Team നിങ്ങളോടൊപ്പം.

* ഈ ഒരു വർഷം തോമാശ്ലീഹായെ അടുത്തറിയുവാൻ പരിശ്രമിക്കാം, ശ്ലീഹായോടൊപ്പം... സഭയോടൊപ്പം... വിശ്വാസ ജീവിതത്തിന്റെ നൂതന മേഖലകൾ കണ്ടെത്താം.
* ഞങ്ങൾ നിങ്ങളുടെ പക്കൽ എത്തുന്നു. നിങ്ങളുടെ ഇടവകകളിൽ, മതബോധന ക്ലാസ്സുകളിൽ, യുവജന സംഘ വേദികളിൽ, അൽമായ സംഘടനാ യോഗങ്ങളിൽ..
* ക്ലാസ്സുകൾ, സംവാദങ്ങൾ, പഠന ശിബിരങ്ങൾ മുതലായവ സംഗീതത്തിന്റെയും ദൃശ്യ ശ്രാവ്യ നവ മാധ്യമങ്ങളുടെയും അകമ്പടിയോടെ നിങ്ങൾക്കായ് ഞങ്ങൾ ഒരുക്കുന്നു.

തോമാശ്ലീഹായെ അറിയാം... തോമാമാർഗ്ഗത്തിൽ ചരിക്കാം...

സംഘാടകർ:
തോമസയിൻ റിസേർച്ച് സെന്റർ
ചാമ എം.എസ്.റ്റി. ഭവൻ, തുമ്പൂർ

**കൂടുതൽ വിവരങ്ങൾക്ക്**
ഫാ. ജെയിംസ് കുരികിലംകാട്ട് MST (9447937514)
ഫാ. ജോൺസ് കരുവാകുന്നേൽ MST (9544183779)
ഡോ. ഐസക് തോമസ് (9495235265)